**BISHOP'S HOUSE**
COCHIN - 682 001, S. INDIA

Phone: 0484 2215400 (Office)
Fax: 0484 2215404
bpjosephkariyil@gmail.com


**PL/02/2016**

പ്രിയ സഹോദരൻമാരേ,

ഈ എഴുത്ത് നിങ്ങൾക്കു കിട്ടുമ്പോൾ നിങ്ങളനേകർ പുതിയ സ്ഥലങ്ങളിൽ, പുതിയ സേവനമേഖലകളിൽ, നമ്മുടെ സ്വന്തം ഭാഷയിൽ പറഞ്ഞാൽ, പുതിയ മേച്ചിൽപ്പുറങ്ങളിൽ എത്തിയിട്ട് ദിവസങ്ങൾ മാത്രമേ കഴിഞ്ഞിട്ടുണ്ടാവൂ. പുതിയസ്ഥലത്ത് ആദ്യാനുഭവങ്ങളുടെ രുചിനുകരുന്നവരെയും കർമ്മരംഗത്തേയ്ക്ക് ആദ്യമായി കടന്നുവരുന്നവരെയും മുഖ്യമായി മനസ്സിൽ വിചാരിച്ചാണ് ഞാനിതുകുറിക്കുന്നത്. ഓർമ്മകളുടെ ചൂടുള്ള ഭാണ്ഡം കൂടെ മുറിയിലെത്തിയിട്ടുണ്ടാവും, കുറേ ഹാങ്ഓവറുകൾ, ഒരുതരം നൊസ്റ്റാൾജിയ തന്നെ കുടെപ്പോന്നിട്ടുണ്ടാവും. എല്ലാറ്റിനുമുപരി, പുതിയമണ്ണിൽ വേരോടുമോ എന്ന ആശങ്കയും ചുറ്റിപ്പറ്റി നില്പ്പുണ്ടാവും. ഇതിനർത്ഥം നമ്മളാരും വികാരരഹിതരായ, തീർത്തും ഉദാസീനരായ, മനുഷ്യരല്ല എന്നാണ്. “വൈരാഗ്യമേറിന വൈദികൻ, നേരേവിടർന്നു വില സീടിന” പൂവിനെ നോക്കിനില്ക്കുന്ന കാര്യം കുമാരനാശാൻ വിവരിക്കുന്നുണ്ട്. അയാളും “മിഴിയുള്ളവ”നായതുകൊണ്ടാണ് അങ്ങനെനിന്നുപോകുന്നത്.

മുൻകാലങ്ങളിൽ നിങ്ങളുടെ ശുശ്രൂഷാമേഖലയിൽ നിങ്ങൾ പ്രകടിപ്പിച്ച സമർപ്പണത്തെ ഞാൻ നമിക്കുന്നു! നമ്മുടെ ഓരോരുത്തരുടെയും വ്യക്തിപരമായ വിശ്വാസം, ഭാവന, ഉദ്യമം, മുൻകൈഎടുപ്പ് ഇവയെല്ലാംകുടിയാണ് നല്ലൊരു രൂപതയായി കൊച്ചിയെ നിലനിർത്തുന്നത്. “നമ്മുടെ നാടും പുരോഗമിച്ചിരിക്കുന്നു”വെന്നു പറയാൻ ഞാൻ മുതിരുകയാണ്. സ്ഥലംമാറ്റത്തിന്റെ പത്രിക യാതൊരു ദുർമ്മുഖവും കാണിക്കാതെ ഓരോരുത്തനും ഏല്ലാവരും വാങ്ങി. അത് നമ്മുടെ രൂപതയുടെ നല്ല പാരമ്പര്യത്തിന്റെ തുടർച്ച. നിങ്ങളുടെ ഔദാര്യം. രണ്ടുമോർത്ത് ഞാൻ ദൈവത്തിനു നന്ദി പറയുന്നു.

എല്ലാം വളരെ നന്നായിട്ട് ചെയ്തു എന്ന വിചാരമൊന്നും എനിക്കില്ല. മണ്ണറിഞ്ഞുവേണം വിത്തിടാൻ എന്ന കൃഷിപാഠം, SSLC ബുക്കിൽ പിതാവിന്റെ തൊഴിലിന്റെ സ്ഥാനത്ത് കൃഷി എന്ന് രേഖപ്പെടുത്തിക്കിട്ടിയിട്ടുള്ള ഈ കർഷകപുത്രന് അജ്ഞാതമല്ല. മണ്ണിലെ ചില രാസഘടകങ്ങൾ ചില ചെടികൾ വേരോടാതെ സ്തംഭിച്ചുനില്ക്കാനോ ഉണങ്ങിത്തന്നെ പോകാനോ കാരണമാകാം. എവിടെ നട്ടാലും കിളിർത്തു വരുന്ന നിങ്ങളുടെ ആത്മാവിന്റെ ജീവചൈതന്യത്തെ ഞാൻ വിശ്വസിച്ചു. ഭൂമിയുടെ മുഖം നവീകരിക്കുന്ന ആത്മാവ് എന്റെ കൈക്കുറ്റങ്ങളെ ശരിയാക്കിക്കൊള്ളും. വിജാതീയരും പരിച്ഛേദനത്തിന് വിധേയരാകണമോ? എന്ന തർക്കം തീർക്കാൻ കൂടിയ ജറുസലേം സൂനഹദോസ് അതിന്റെ തീരുമാനങ്ങൾ ഒരെഴുത്തായി വിജാതീയർക്കു കൊടുത്തുവിടുന്നുണ്ട്. അതിലെ ഒരു വാചകം ഇങ്ങനെയാണ്: “അത്യാവശ്യകാര്യങ്ങളെക്കാൾ കൂടുതലായി ഒരു ഭാരവും നിങ്ങളുടെമേൽ ചുമത്താതിരിക്കുന്നതാണു നല്ലതെന്നു പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി” (അപ്പ. 15: 28). പരിശുദ്ധാത്മാവിനു നല്ലതാണെന്ന് തോന്നുന്ന പല കാര്യങ്ങളും “നല്ലതായിരുന്നു അത്” എന്നു വളരെ വൈകിമാത്രം മനസ്സിലാക്കുന്നത് എന്റെ ശീലമാകയാൽ ഞാനങ്ങനെ എഴുതുന്നില്ല. തിരിച്ചിട്ട് പറയുന്നു: “എനിക്കും പരിശുദ്ധാത്മാവിനും തോന്നി” എന്ന്, അഹങ്കാരമാണെങ്കിലും!

വിശുദ്ധി എന്നത് ഏതുനാട്ടിൽ നട്ടാലും കിളിർക്കുന്ന വിത്താണെന്ന് ഞാൻ നിങ്ങളെ ഓർമ്മിപ്പിച്ചിട്ടുണ്ട്. സ്ഥിരമായ താവളങ്ങളില്ലാത്തവരാണ് നമ്മൾ എല്ലാവരും. നമുക്കൊക്കെയുള്ളത് കുറേക്കാലത്തേയ്ക്കുള്ള കൂടാരങ്ങൾ മാത്രം – പൊളിച്ചടുക്കി അടുത്ത സ്ഥലത്തേയ്ക്ക് കൊണ്ടുപോകാവുന്ന കൂടാരങ്ങൾ. തുടർച്ചയായുണ്ടാകുന്ന സ്ഥലംമാറ്റങ്ങൾ

അതാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. ഒരു സ്ഥലത്ത് കുറേ വർഷങ്ങൾ ആയിരുന്നാൽ നമുക്കെല്ലാം മനസ്സിലാകുന്നെന്നും എല്ലാം പിടിയിലായെന്നുമുള്ള തോന്നലാണുണ്ടാവുന്നത്. ദൈവാശ്രയബോധത്തിന്റെ അലിഞ്ഞില്ലാതാകൽ അപ്പോഴുണ്ടാകുന്നു. എന്നാൽ പറിച്ചുനടപ്പെടുമ്പോൾ ആകാശത്തുനിന്നുവരേണ്ട മഞ്ഞിനും മഴയ്ക്കും വെയിലിനുമൊക്കെ വേണ്ടി പ്രാർത്ഥിക്കാനും കാത്തിരിക്കാനും നമ്മൾ വീണ്ടും പഠിക്കുന്നു. അതിഥികൾ ആവശ്യക്കാരായി കാത്തിരിക്കുമ്പോൾ വീഞ്ഞുതീർന്നുപോകുന്ന അവസ്ഥയിൽ നിന്ന് മേൽത്തരം വീഞ്ഞ് വിളമ്പാവുന്ന സമ്പന്നതയിലേയ്ക്ക് ആത്മചൈതന്യത്തെ ഉണർത്തിയെടുക്കാൻ അപ്പോൾ അവസരമൊരുങ്ങുകയാണ്.

ദൈവപരിപാലനയിലുള്ള വിശ്വാസത്തിന്റെ വീണ്ടെടുപ്പ് ഓരോ സ്ഥലംമാറ്റത്തിന്റെയും കൂടെയുണ്ട്. അങ്ങനെയാണ് അത് അനുഗ്രഹസന്ദർഭമാകുന്നത്. മാത്രമല്ല, വിശുദ്ധഗ്രന്ഥഭാഷയിൽ ഓരോ സ്ഥലം മാറ്റവും ഓരോ പുറപ്പാടാണ്. പരിചയിച്ച സ്വസ്ഥതയും സൗകര്യങ്ങളുമുപേക്ഷിച്ച് ദൈവം കാണിച്ചുതരുന്ന പുതിയ വഴികളിലേയ്ക്കിറങ്ങലാണത്. പുറപ്പാടിന്റെ ആരംഭം അബ്രാമിൽ നിന്നാണല്ലോ. സ്വന്തം ദേശത്തേയും ബന്ധുക്കളെയും വിട്ട് പുറപ്പെട്ടുപോകുന്ന അബ്രാമിനെ ഒന്ന് ഓർത്തുനോക്കുക. നാട്ടുദൈവങ്ങളുടെ കാലമായിരുന്നു അത്. ഓരോ നാടിനും തനതു ദൈവങ്ങൾ. മറ്റൊരു നാട്ടിൽ ആ ദൈവത്തിന് ശക്തിയോ സ്വാധീനമോ ഇല്ല. ഏകദൈവ വിശ്വാസം കേട്ടിട്ടേയില്ലാത്ത കാര്യം. ശക്തമായൊരു ഉൾവിളിയെ, ഇരിക്കപ്പൊറുതികൊടുക്കാത്ത ഒരുൾവിളിയെ, അബ്രാം പിൻചെല്ലുകയാണ്. കൂടെച്ചെല്ലാൻ ഭാര്യ സാറായിയും ലോത്തും ഹാരാനിൽ തങ്ങൾ നേടിയ സമ്പത്തും ആളുകളും ഉണ്ടായിരുന്നു. ഹാരാനിൽനിന്നു തന്നെ വിടുവിച്ചുകൊണ്ടുപോന്ന ദൈവം അബ്രാമിനെ അവിടെ കാത്തുനിന്നിരുന്നു. അബ്രാം അവിടെ ഒരു ബലിപീഠം പണിത് "കർത്താവിന്റെ നാമം വിളിച്ചു".

അബ്രാമിന് ഒരു ബലിപീഠം പണിയണമായിരുന്നു. ഒരു പുറംവിളിയെ ദൈവവിളിയായി സ്വീകരിച്ച് പുതിയസ്ഥലത്തെത്തുന്ന നമ്മളെ സ്വീകരിക്കുന്നത് പണിതിട്ട ബലിപീഠങ്ങളാണ്. കർത്താവിന്റെ നാമം കൂടെവിളിക്കാൻ ഒരു ജനസഞ്ചയം ഒപ്പമുണ്ടുതാനും. കണ്ണുതുറന്നു ചുറ്റും നോക്കിയാൽ ബഷീറിനെപ്പോലെ നമുക്കുപറയാൻ തോന്നും "വെളിച്ചത്തിന് എന്തോരു വെളിച്ചം!" "ഞാൻ ഞാൻ തന്നെ" എന്നു പറഞ്ഞ യാഹ്‌വേയുടെ ശൈലിയാണത്. ഓർമ്മകളല്ലാതെ നമ്മോടൊപ്പം പോരാൻ ആരുമില്ലായിരുന്നു. കൂടെപ്പോരുന്നവൻ കൂടെ നില്ക്കുമെന്ന് എന്തുറപ്പാണുള്ളത്? "ഒന്നിച്ചു പാർക്കുക അവർക്കു വയ്യാതായി" (പുറ. 13:6) എന്നല്ലേ അനന്തരകഥ! അതിനാൽ "കർത്താവ് ഒരുക്കിയ ദിവസമാണ്" (സങ്കീ. 118:24) എന്നു പറഞ്ഞ് പുറപ്പാടിന് ആരംഭം കുറിക്കാം. "കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ" എന്നുപറഞ്ഞ് സ്വീകരിക്കാൻ എവിടെയും ആളുണ്ടാവും. "അങ്ങയുടെ ഈ വാസസ്ഥലം എത്രയോ മനോഹരം"(84:1) എന്ന് വൈകാതെ പറയാൻ കഴിയുകയും ചെയ്യും. "അങ്ങയുടെ ഈ അങ്കണത്തിൽ വസിക്കാൻ അങ്ങുതന്നെ തിരഞ്ഞെടുത്തുകൊണ്ടു വന്നിരിക്കുന്നവ"നാണ് ഞാനെന്ന ബോധം (65:4) ഉലച്ചിൽ കൂടാതെ ഉണർത്തിനിർത്തിയാൽ എല്ലാ ദേശവും എനിക്കു സ്വദേശമാണ്. "വിദേശത്തു ഞങ്ങളെങ്ങനെ കർത്താവിന്റെ ഗാനമാലപിക്കും?"(സങ്കീ. 137:4) എന്നുചോദിക്കാതിരിക്കാം!

കർത്താവിന്റെ അങ്കണത്തിൽ നമ്മളെ അവിടുന്നു നട്ടിരിക്കുന്നത് അവിടെ തഴച്ചു വളരാനാണ്. സുവിശേഷത്തിലെ അത്തിമരംപോലെ തഴച്ചുവളർന്നാൽ പോരാ. അത്തിമരം തണൽ നൽകുന്നതിനോടൊപ്പം ഫലം കായ്ക്കുകയും വേണം. ദൈവികതയുടെ പ്രതീതി സൃഷ്ടിക്കുന്നതിനുമപ്പുറം ദൈവികയാഥാർത്ഥ്യങ്ങളുടെ യഥാർത്ഥ കൈമാറ്റം അതന്വേഷിച്ചുവരുന്നവർക്ക് ലഭ്യമാകേണ്ടതുണ്ടല്ലോ. നീർച്ചാലിനരികെ നട്ടതും യഥാകാലം ഫലം തരുന്നതും ഇലകൊഴിയാത്തതുമായ വൃക്ഷം പോലെയാകാനാണ് നമ്മുടെ വിളി. പുതിയവയലിൽ കർത്താവും അവിടുത്തെ ജനവും കാണാൻ കാത്തിരിക്കുന്നത് അതിനുവേണ്ടിയാണ്. നിങ്ങൾക്കോർക്കാം: ഒരുമെഴുകുതിരി നിങ്ങളെയോർത്തുകൊണ്ട് എന്റെ സ്വകാര്യചാപ്പലിൽ എല്ലാ ദിവസവും പ്രഭാതത്തിലും പ്രദോഷത്തിലും കത്തിനിൽക്കുന്നുണ്ട്. ആ തിരികളെല്ലാം ഓരോരോ പള്ളികളിൽ വന്നപ്പോൾ നിങ്ങളെനിക്കു

തന്നതോ ഞാൻ ചോദിച്ചുവാങ്ങിയതോ ആണ്; ഓരോ പ്രാവശ്യവും ലൂർദ്ദിലും ഫാത്തിമയിലും പോകുമ്പോൾ നിങ്ങളുടെ പേരിൽ ഞാൻ കത്തിക്കുന്ന മെഴുകുതിരിയുടെ ഒരു ഓർമ്മത്തുടർച്ചയാണ് ഈ കർമ്മം. നിങ്ങൾക്കായുള്ള എന്റെ സ്നേഹപൂർവ്വകമായ ഓർമ്മ.

കർത്താവ് നിങ്ങൾക്ക് ഒരു ജനതയെ അവകാശമായിത്തരുന്നു. ഭൂമിയുടെ ചില അതിരുകൾ അധീനമായും കിട്ടുന്നു. ഭയത്തോടെ കർത്താവിന് ശുശ്രൂഷ ചെയ്യുക. വിറയലോടെ അവിടുത്തെ പാദം ചുംബിക്കാം (സങ്കീ. 2:8–12). എവിടെയും കാണുന്ന ആകാശമാണല്ലോ ഇവിടെയും തലയ്ക്കുമീതെ ഉള്ളത്; അതേ നക്ഷത്രത്തിളക്കം ഈ പുതിയാകാശത്തും ഞാൻ കാണുന്നല്ലോ എന്നു വിചാരിച്ചുനില്ക്കേ മനസ്സിലാവും, എവിടെ നിന്നെന്നപോലെ ഇവിടെനിന്നും സ്വർഗ്ഗത്തിലേയ്ക്കുള്ള ദൂരം ഒന്നുതന്നെ! കാലാവധി തികയുമ്പോൾ ഇറങ്ങിക്കൊടുക്കണമെന്ന ബാധ്യതയില്ലാത്ത സ്വന്തമായൊരു വീടിനെക്കുറിച്ചുള്ള സ്വപ്നത്തോട് പണ്ടേ നമ്മൾ വിടപറഞ്ഞവരാണ്. പരലോകത്തിൽ കർത്താവു പണിയുന്ന അനശ്വരഭവനം നമുക്കായി കാത്തിരിക്കുന്നുവെന്നതാണല്ലോ നമ്മുടെ ഉറപ്പ്.

പുതിയസ്ഥലത്തേയ്ക്ക് കുടിയേറാൻ പലരും കെട്ടുമുറുക്കുന്നതു ഞാൻ കാണുകയുണ്ടായി. വേണ്ടതാണത്. ഏതെടുക്കണം ഏതുപേക്ഷിക്കണം എന്ന വിചാരത്തിൽ അടുക്കിക്കെട്ടി വയ്ക്കുമ്പോൾ, അത്യാവശ്യമായി വേണ്ടതെന്നുകരുതി ശേഖരിച്ചുവച്ച പലതും വേണ്ടാത്തതായി ഉപേക്ഷിക്കുമ്പോൾ, നാം വല്ലതും പഠിക്കുന്നുണ്ടോ? വാർഷിക ധ്യാനം നടക്കുന്നനേരത്ത് നമ്മുടെ ബുക്സ്റ്റോളിൽനിന്ന് പലരും വിനായക് നിർമ്മലിന്റെ പുസ്തകങ്ങൾ വാങ്ങുന്നതു ഞാൻ കണ്ടിട്ടുണ്ട്. ഒരു പത്രത്തിന്റെ ജനുവരി മാസത്തെ വാരാദ്യപ്പതിപ്പിൽ വിനായക് നിർമ്മൽ “വീടു മാറുമ്പോൾ” എന്നൊരു ലേഖനമെഴുതിയിട്ടുണ്ട്. വാടകവീടുകൾ മാറുന്നതാണു വിഷയം. അദ്ദേഹമെഴുതുന്നു: “വിശിഷ്ടാതിഥികൾ വരുന്നതു പ്രമാണിച്ച് വീടുവൃത്തിയാക്കുന്നതുപോലെയാണെന്നു തോന്നുന്നു വീടുമാറുമ്പോഴത്തെ ചില ശ്രദ്ധവെക്കലുകൾ. ആവശ്യമെന്നുതോന്നിയിരുന്ന പലകാര്യങ്ങളും അനാവശ്യമായി അപ്പോൾ തോന്നുന്നു. അതുവരെ സ്വകാര്യ സമ്പത്തായി കരുതിയിരുന്ന പലതും ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്നു. സത്യമാണ്, നാം കയ്യിൽ കരുതിയിരിക്കുന്ന പലതും നമ്മുടെ ആവശ്യത്തിന് ഉപകരിക്കുന്നവയല്ല. വീടുമാറുമ്പോൾ നാം കൂടെ കൊണ്ടുപോകുന്നത് നമുക്കേറ്റവും അത്യാവശ്യമായതുമാത്രമാണ്. അത് സുഗമമായ യാത്രയ്ക്കുവേണ്ടിയാണ്. അപ്പോഴാണ് മനസ്സിലാവുന്നത് കാര്യഗൗരവത്തോടെ കരുതിയിരുന്ന പലതും അത്രമേൽ നമുക്കാവശ്യമായിരുന്നില്ല എന്ന്. എന്നിട്ടും എന്തെല്ലാമാണു നാം കാത്തുപാലിച്ചു പോന്നിരുന്നത്?”

ഒന്നുമില്ലാതെ ഒറ്റബാഗും തൂക്കിതുടങ്ങിയ യാത്രയാണ് നമ്മുടേത്. ഓരോന്നു വാങ്ങിക്കൂട്ടി ഏതവസ്ഥയിലെത്തി? ഷിഫ്റ്റ് ചെയ്യുന്ന സാധനങ്ങളുടെ വലുപ്പവും എണ്ണവും എന്നിട്ടും വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു! ഒന്നുകൊണ്ടുതികയുമെങ്കിൽ രണ്ടാമതൊന്നു വാങ്ങരുത് എന്ന് പണ്ടു പഠിച്ചിരുന്നു. പലരേയും പഠിപ്പിക്കുകയും ചെയ്തു. കുറേനാൾ പാലിക്കാൻ ശ്രമിച്ചിരുന്നു. ഇന്നത്തെ ഉല്പന്നത്തിന്റെ ഉപോല്പന്നം നിർമ്മാണശാലയിൽ രൂപപ്പെട്ടുവരുന്നുണ്ട് എന്നതാണ് ലോകഗതി. വരാനിരിക്കുന്ന ഒന്നുകൂടി വാങ്ങാൻ നിർബന്ധിതനാകും എന്ന അറിവോടെ ഇന്ന് എന്തെങ്കിലുമൊന്ന് വാങ്ങുന്നതിനെക്കുറിച്ച് ആലോചിച്ചാൽ പല വാങ്ങലുകളും വേണ്ടന്നു വയ്ക്കപ്പെടും. വസ്തുക്കൾക്ക് ജീവനില്ലായിരിക്കാം. പക്ഷേ, നാം കൈവശപ്പെടുത്തുന്ന ഒന്ന് വൈകാതെ നമ്മെ കൈവശപ്പെടുത്തും എന്നതാണ് സത്യം. “എന്നോടുകൂടി ശേഖരിക്കാത്തവൻ ചിതറിക്കുന്നു”വെന്നത് ഓർക്കാം!

ആദ്യമായി ശുശ്രൂഷാരംഗത്തേയ്ക്ക് ചുവടുവയ്ക്കുന്നവരെ സ്നേഹപൂർവ്വം അഭിവാദ്യം ചെയ്യുന്നു. Unum Presbyterium എന്ന സുന്ദരമായ അനുഭവത്തിലേയ്ക്കാണ് നിങ്ങൾ കടന്നുവരുന്നത്. “സഹോദരർ ഏകമനസ്സായി ഒരുമിച്ചുവസിക്കുന്നത് എത്രവിശിഷ്ടവും സന്തോഷപ്രദവുമാണ്” എന്നു തുടങ്ങുന്ന, “ദാവീദ് രചിച്ചത്” എന്നു പ്രത്യേകം രേഖപ്പെടുത്തിയിട്ടുള്ള, മൂന്നേമൂന്നു വാക്യങ്ങൾ മാത്രമുള്ള, 133–ാം സങ്കീർത്തനം വായിച്ചു

ധ്യാനിച്ച് ജീവിതം തുടങ്ങുക. ശുശ്രൂഷാഞരമ്പുകളിലെ പുതുരക്തത്തിന്റെ ഒഴുക്ക് വാർദ്ധക്യത്തിന് ഉശിരേകും.

പുതിയസ്ഥലത്ത് എത്തിക്കഴിഞ്ഞാൽ അവിടത്തെ നടപ്പ് സമ്പ്രദായങ്ങൾ, ശീലങ്ങൾ ഒക്കെ മനസ്സിലാക്കാൻ ഒരിത്തിരി സമയം ചെലവിടുന്നത് വളരെനല്ലതാണ്. എന്നിട്ടേ ആവശ്യമെന്നുതോന്നുന്ന വ്യതിയാനങ്ങൾക്കു മുതിരാവൂ. പുതിയൊരാൾ സ്ഥലത്തെത്തിയിരിക്കുന്നുവെന്നറിയിക്കാൻ നിലവിലുള്ള സമ്പ്രദായങ്ങളൊക്കെ അട്ടിമറിച്ചു എന്ന വ്യാഖ്യാനം കേൾക്കാൻ സുഖമുള്ളതല്ല. ഒരു വേലി പൊളിച്ചുകളയുന്നതിനുമുമ്പ് എന്തിന് അതവിടെ കെട്ടി എന്നത് അന്വേഷിക്കേണ്ടതുണ്ട്. കൃത്യമായ കാരണങ്ങൾ പറയാനില്ലാത്ത വ്യതിയാനങ്ങൾ ഉദ്ദേശിച്ചതിനു വിപരീതഫലമേ ഉണ്ടാക്കൂ. മാറ്റങ്ങൾക്കുമുമ്പിൽ അറച്ചുനിൽക്കുന്ന സ്വഭാവമാണ് മനുഷ്യർക്കുള്ളത്. ആദ്യമേതന്നെ നയപ്രഖ്യാപനങ്ങൾ നടത്താതിരിക്കുന്നതാണ് ഭംഗി. ഹ്രസ്വകാലം കൊണ്ടുതീരുന്നത്, ദീർഘകാലം ആവശ്യമായിരിക്കുന്നത് എന്ന് രണ്ടുതരം പദ്ധതികൾ നമ്മുടെ അജപാലന അജണ്ടയിലുണ്ടാവണം. നമുക്കനുവദിച്ചിട്ടുള്ള ചെറിയകാലയളവിൽ തുടങ്ങി തീരുന്ന പദ്ധതികൾ മാത്രം മതി എന്നു വയ്ക്കരുത്. സമഗ്രദർശനത്തിന്റെ അടിത്തറയിൽ പണിയപ്പെടുന്ന ദീർഘകാല സമീപനങ്ങളും നമുക്കുവേണമല്ലോ. ജനങ്ങളുടെ വിശ്വാസനവീകരണത്തിനും വളർച്ചയ്ക്കും രണ്ടുതരം പദ്ധതികളും ആവശ്യമാണ്.

വാഴനടുന്നവരും തെങ്ങുനടുന്നവരുമെന്ന് മനുഷ്യരെ രണ്ടുതരക്കാരായി തിരിക്കുന്ന ഒരന്യാപദേശകല്പന വായിച്ചിട്ടുണ്ട്. ഞാൻ നട്ട്, ഞാൻ വളർത്തി, ഞാനനുഭവിക്കണമെന്ന നിർബന്ധബുദ്ധിക്കാരാണ് വാഴനടുന്നവർ. ഫലപ്രാപ്തിക്ക് സമയമെടുക്കുന്ന കാര്യങ്ങൾക്ക് തുടക്കമിടുന്നവരെ തെങ്ങുനടുന്നവരെന്നു വിളിക്കാം. തലമുറകളെയാണ് അവർ മനസ്സിൽ കാണുന്നത്. നിർമ്മാണപ്രവർത്തനങ്ങളെയെന്നതിനേക്കാൾ വിശ്വാസവളർച്ചയും സമൂഹനിർമ്മിതിയും ലക്ഷ്യമിടുന്ന പദ്ധതികളെ മുഖ്യമായും കണ്ടുകൊണ്ടാണ് ഞാനിതുപറയുന്നത്.

'പെസിമിസം' ഒട്ടും വേണ്ടാ. മുടങ്ങിക്കിടക്കുന്ന സദുദ്യമങ്ങൾ മുന്നോട്ടെത്തിക്കുന്ന പിൻഗാമികൾ നമ്മുടെ വൈദികകൂട്ടായ്മയിൽ അന്യംനിന്നിട്ടൊന്നുമില്ല. ആയുസ്സിന്റെ പുസ്തകത്തിൽ ഒരു പക്ഷേ, തുടക്കക്കാരന്റേയും ഒടുക്കക്കാരന്റേയും പേരിനേക്കാൾ മിഴിവോടെ എഴുതപ്പെടുന്നത് തുടർച്ചനൽകുന്നവന്റെ പേരായിരിക്കും. തുടർച്ചയില്ലാത്തിടത്ത് തുടക്കം കെട്ടുപോകുന്നു. തുടർച്ചക്കാരനില്ലാതെ ഒരു തുടക്കവും ഒടുക്കത്തിലേക്ക് എത്തുന്നുമില്ല. തിരുപ്പട്ടദാനകർമ്മത്തിനിടയിൽ മെത്രാനുപിന്നാലെ സന്നിഹിതരായ വൈദികരും അർത്ഥിയുടെമേൽ കൈവച്ചു പ്രാർത്ഥിക്കുന്ന "സംഭവം" ഓർത്തുനോക്കുക! കഴിഞ്ഞ മുന്നുമാസത്തിനിടയിൽ പതിനൊന്നുപ്രാവശ്യം ഈ അനുഭവത്തിന്റെ മുൻനിരയിൽ ഞാൻ നിന്നപ്പോൾ കൂട്ടായ്മ എന്നത് ആൾക്കൂട്ടമല്ലെന്നും ഒരു ഹൃദയാനുഭവമാണെന്നും ഞാനോർക്കുകയുണ്ടായി. വൈദികാഭിഷേകം ഒറ്റപ്പുരാടനാകാനുള്ള വിളിയല്ല എന്നു മനസ്സിലാക്കാം.

ഞാൻ കർത്താവിന്റെ കരങ്ങളിലാണ് എന്ന ഉറപ്പോടെ, അധ്വാനാനന്തരം അന്തിക്ക് ശാന്തമായികിടന്നുറങ്ങാനും ബലിവേദിയെ സ്വപ്നംകണ്ട് പ്രഭാതത്തിൽ ഉണരാനും നിങ്ങൾക്കേവർക്കും കഴിയട്ടെ. ഇതെന്റെ ഭാവനയല്ല. "ഉണരുമ്പോൾ ഞാനങ്ങയുടെ മുഖം കണ്ട് തൃപ്തിയടയും" (17:15) എന്നുപറഞ്ഞത് സങ്കീർത്തകനാണ്. അദ്ദേഹം കടന്നുപോകാത്ത അനുഭവങ്ങളില്ല. കർത്താവിനെ സ്തുതിക്കുവിൻ എന്നുപറഞ്ഞാണ്, അതും സർവ്വ ജീവജാലങ്ങളെയും കൂട്ടിനുവിളിച്ചുകൊണ്ട് കർത്താവിനെ സ്തുതിക്കാൻ പറഞ്ഞാണ്, അദ്ദേഹം തന്റെ ഗീതങ്ങളുടെ അവസാനവരി കുറിച്ചത്. പച്ചയായ പുൽത്തകിടികളും പ്രശാന്തമായ ജലാശയവും മരണത്തിന്റെ താഴ്വരയിൽ സ്വപ്നം കണ്ടവന്റെ വിശ്വാസം, പ്രത്യാശ നമ്മിൽ സ്നേഹമായി ഉറവയെടുക്കട്ടെ.

+ജോസഫ് കരിയിൽ
കൊച്ചി മെത്രാൻ